# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4014

21-10-2016 ൽ മറുപടിയ്ക്ക്

## തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. തീരദേശ യാത്രാക്കപ്പൽ സർവ്വീസിന്റെ ഭാഗമായി വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിൽ അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം കൊച്ചി - കോഴിക്കോട് മേഖലയിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പിനായി മെസേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് , കൊച്ചി എന്ന സ്വകാര്യ സംരംഭകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം , കൊച്ചി-കോഴിക്കോട്-കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ നടത്താൻ ഉദ്ദേശിച്ചുള്ള പദ്ധതി പ്രാവർത്തികമാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. |
| (ബി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മെസേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് , കൊച്ചി എന്ന സ്വകാര്യ സംരംഭകരുമായും കൊച്ചിൻ തുറമുഖ ട്രസ്റ്റുമായും സഹകരിച്ചു കൊണ്ടാണ് സംസ്ഥാന തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. |

എന്തെല്ലാം അടിസ്ഥാന (സി) സൗകര്യങ്ങളാണ് തുറമുഖ വകുപ്പ് ഇതിനുവേണ്ടി ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാവും മേൽപ്പറഞ്ഞ സർവ്വീസ് ആരംഭിക്കുന്നത് . കൊച്ചി തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖ ട്രസ്റ്റ് ഒരുക്കുന്നതാണ്. സ്വകാര്യ പങ്കാളികൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയിൽ ആവശ്യമായ സാഹചര്യം ഒരുക്കുന്നത് സർക്കാർ മുഖേനയാണ് . ഇതിൽ കൊച്ചി-കോഴിക്കോട് - കണ്ണൂർ മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്

**സെക്ഷൻ ഓഫീസർ**